പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3446 9.04.2013 ലെ മറുപടിയ്ക്ക്

ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ജമീലാപ്രകാശം | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| (എ) സിവിൽ സപ്ലൈസ് വകുപ്പിൽ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ തസ്തികയിലേ ക്കുള്ള പ്രൊമോഷന് സെലക്ട് ലിസ്റ്റ് നിലനിൽക്കേ സ്ഥാനക്കയറ്റത്തിന് ഡി.പി.സി. കൂടാതെ ജൂനിയറായ ഉദ്യോഗസ്ഥരെ 2013 ൽ പ്രൊമോട്ട് ചെയ്തിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ സെലക്ട് ലിസ്റ്റ് നിലനിൽക്കെ സീനിയറായിട്ടുള്ള ഉദ്യോഗസ്ഥരെ മറികടന്ന് ജൂനിയർ ആയ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകാനുള്ള കാരണം വിശദമാക്കുമോ ? | ബി) സെലക്ട് ലിസ്റ്റിൽ പേര് ഉണ്ടെങ്കിലും വിജിലൻസ് കേസിൽ ഉൾപ്പെട്ട് മേജർ പെനാൽട്ടിയ്ക്ക് ശുപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രസ്തുത കേസിൽ കുറ്റവിമുക്തരാക്കപ്പെടുന്നത് വരെ പ്രമോഷൻ നൽകേണ്ടതില്ല എന്ന് കെ.എസ്. & എസ്.എസ്.ആർ.<br>ഭാഗം II , റൂൾ 28 (ബി)(7) നോട്ട് (iii) നിഷ്കർഷിക്കുന്നു. വിജലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി നേരിടുന്ന ഒരു ജില്ലാ സപ്ളൈ ഓഫീസർക്ക് ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലേക്ക് പ്രമോഷൻ നൽകുകയുണ്ടായില്ല. പകരം സെലക്ട് ലിസ്റ്റിൽ തൊട്ടു താഴെയുള്ളവർക്ക് ക്രമപ്രകാരം പ്രമോഷൻ നൽകി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ജില്ലാ സപ്ളൈ ഓഫീസർമാർക്കും പ്രമോഷൻ നൽകികഴിഞ്ഞ ശേഷവും ഒഴിവുകളുണ്ടായപ്പോൾ , സുഗമമായ ഭരണ നിർവ്വഹണത്തിന് ഡെപ്യൂട്ടി കൺട്രോളർ തസ്തിക ഒഴിച്ചിടുവാൻ സാധിക്കാത്ത സാഹചര്യത്തിലും ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി വരുമ്പോഴേക്കും കാലതാമസമുണ്ടാകുമെന്ന കാര്യം കണക്കിലെടുത്തുമാണ് ഏറ്റവും സീനിയറായ യോഗ്യതയുള്ള ജില്ലാ സപ്ളൈ ഓഫീസർമാർക്ക് പ്രൊവിഷണലായി ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ